# ആത്മീയതയിൽ അധിഷ്ഠിതമല്ലാത്ത ക്രിസ്തീയത?!

**സിബി വർഗീസ്, ചേലാമഠം** (MGJSM)

ക്രിസ്തീയത ഇന്ന് ആത്മീയതയിൽ നിന്ന് വ്യതിചലിച്ചിട്ട് ഒരുപിടി സ്വാർത്ഥ മോഹികളുടെ കൈകളിലെ സ്വാർത്ഥലാഭങ്ങൾക്ക് മാത്രമുള്ള ഒരു ഉപാധിയായി മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ക്രിസ്തീയത ഇന്ന് മൂല്യശോഷണത്തിന്റെ പാതയിലാണ്. വിലകൊടുത്ത് വാങ്ങാവുന്നതാണോ ക്രിസ്തീയത ? ക്രിസ്തുവിന്റെ അനുയായികൾ എന്ന നാമകരണം ഇന്ന് നമുക്ക് ചേരുന്നതാണോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

സഭകൾ തമ്മിലുള്ള കലഹം, ഭദ്രാസനങ്ങൾ, പള്ളികൾ, ഭക്തസംഘടനകൾ, കൂട്ടായ്മകൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ, അധികാരപദത്തിലിരിക്കുന്നവർ തമ്മിലുള്ള വൈരാഗ്യമനോഭാവം ഇവയെല്ലാം ക്രിസ്തീയതയ്ക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യശോഷണത്തിന്റെ പ്രതിഫലനങ്ങളാണ്. ഇതിന്റെ മറ്റൊരു രൂപമാണ് ഇന്ന് മലങ്കരയിലുള്ള സഭകളിലും മറ്റും സംഭവിച്ചുകൊണ്ടിരിക്കുന്നതും. 'നാനാത്വത്തിൽ ഏകത്വം' എന്ന മഹനീയ തത്വസംഹിതയിൽ അധിഷ്ഠിതമായ ഭാരതാംബയുടെ മാനം കളങ്കപ്പെടുത്തുന്ന വിധത്തിലാണ് ചില 'പുത്തൻ ചുവപ്പുധാരികൾ' ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഗുർഗൻ, സി.ജി.മാത്യൂസ് തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ അതിനൊരു ഉദാഹരണം മാത്രം. ആത്മീയതയിൽ അധിഷ്ഠിതമല്ലാതെ സമ്പത്തിലും, സ്വാർത്ഥപരമായ അധികാര കൊതിയിലും മാത്രം ഊന്നി നിൽക്കുന്ന ഒരു ക്രിസ്തീയ സംസ്ക്കാരമാണ് ഇങ്ങനെ വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും പിളർപ്പിലേക്ക് പോകുവാൻ ഇവരെപ്പോലുള്ളവരെ പ്രേരിപ്പിക്കുന്നത്. 'എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു; അവർ ജീവജലത്തിന്റെ ഉറവായ എന്നെ ഉപേക്ഷിച്ചു. വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നെ കുഴിച്ചിരിക്കുന്നു' (യിരെ 2:13)

എന്തിനു വേണ്ടിയാണ് സഭയും അതിന്റെ വിശ്വാസപരമായ ആചാരാനുഷ്ഠാനങ്ങളും ? മനുഷ്യനെ ക്രിസ്തുവിലേക്ക് കൂടുതൽ അടുപ്പിക്കുവാനും അതുവഴി എല്ലാവരും പുതിയ സൃഷ്ടികളാകുവാനുമായിട്ടാണ്. എന്നാൽ യഥാർത്ഥത്തിൽ ഇന്ന് ഇതാണോ സംഭവിച്ചുകൊണ്ടിരിക്കുന്നത് ? നമ്മിൽ ഭൂരിഭാഗം പേരും മറ്റുള്ളവരുടെ ജീവിതത്തിലേക്ക് എത്തിനോക്കി അവരുടെ കുറ്റങ്ങളും കുറവുകളും കണ്ടെത്താൻ ശ്രമിക്കുന്നവരാണ്. എന്നാൽ നമ്മിൽ എത്രപേര് നമ്മുടെ ജീവിതത്തിലെ കുറ്റങ്ങളെയും കുറവുകളെയും കണ്ടെത്താൻ ശ്രമിക്കുകയും അവയെ പരിഹരിക്കാൻ ശ്രമിക്കുന്നുമുണ്ട് ?

ഇന്ന് മനുഷ്യൻ സ്വന്തം കാര്യസാധ്യത്തിനായി (ജനനം, വിവാഹം, മരണം....) മാത്രം ഉപയോഗിക്കുന്ന ഒരുപാധിയായി മാറ്റിക്കൊണ്ടിരിക്കുകയാണ് ക്രിസ്ത്യാനി എന്ന നാമവും, പള്ളികളും.

എന്തിനുവേണ്ടിയാണ് സഭയും, ഭക്തസംഘടനകളും, കൂട്ടായ്മകളും എന്ന് മനസ്സിലാക്കാതെയാണ് ഇന്ന് നാം പ്രവർത്തിക്കുന്നത്. ഇവയെല്ലാം ഒരിക്കലും തമ്മിൽ തമ്മിലുള്ള മത്സരത്തിനോ കലഹത്തിനോ വേണ്ടിയല്ല, എന്നാലോ മനുഷ്യനന്മയ്ക്കും, മനുഷ്യമനസ്സിൽ ദൈവസ്നേഹത്തിന്റെ വിത്ത് മുളപ്പിക്കുവാനും അതുവഴി ഒരു പുതിയ ക്രിസ്തീയ സാക്ഷ്യജീവിതത്തിൽ എത്തിച്ചേരുവാനുമാണ്. ഓരോ ഇടവകയിലേയും കുടുംബയൂണിറ്റുകളുടെയും ലക്ഷ്യം മറ്റൊന്നല്ല. നാം മറ്റുള്ളവർ കാട്ടുന്ന ദുഷ്പ്രവർത്തികളോട് സാദൃശ്യപ്പെട്ടു അവരെപ്പോലെ പ്രവർത്തിച്ചാൽ ദൈവതിരുസന്നിധിയിൽ നമ്മളും അവരും തമ്മിൽ എന്തു വ്യത്യാസം ? ഇവിടെ ആണ് ക്രിസ്ത്യാനി തന്റെ പ്രവൃത്തിയിലൂടെ മറ്റുള്ളവർക്ക് ദൈവത്തെ കാണിച്ചുകൊടുക്കേണ്ടത്. ഒരു വിദ്യാർത്ഥി ആയാലും ഒരു ഉദ്യോഗാർത്ഥി ആയാലും അവൻ താൻ അനുഭവിച്ച ദൈവസ്നേഹത്തെ സാക്ഷിക്കുകയും സുവിശേഷിക്കുകയും വേണം. അത് വാചക കസർത്ത് മാത്രം നിറഞ്ഞ പ്രസംഗത്തിലൂടെ അല്ല സാധിക്കേണ്ടത് പിന്നെയോ അവനവന്റെ മാതൃകാപരമായ ജീവിതത്തിലൂടെയും സ്നേഹപൂർവ്വമായ ഇടപെടലുകളിലൂടെയും ആണ്. മറ്റുള്ളവർ നിങ്ങളുടെ പ്രവർത്തികളിലൂടെ ദൈവത്തെ കാണുകയും ദൈവസ്നേഹത്തിന്റെ മാധുര്യം അതുവഴി അനുഭവിച്ചറിയുകയും വേണം. അങ്ങനെ ആയിരിക്കണം നാം ക്രിസ്തുവിന്റെ ഒരു നല്ല അനുയായി ആകേണ്ടത്.

മനുഷ്യർ ഇന്ന് എന്തിനൊക്കെയോ വേണ്ടി പരക്കം പായുകയാണ്. ഇതിനിടയിൽ ക്രിസ്തീയ മൂല്യങ്ങൾ നഷ്ടമാക്കിക്കൊണ്ടിരിക്കുകയാണ്. നാം ക്രിസ്ത്യാനി എന്ന് ഓരോ നിമിഷവും അഭിമാനിക്കുകയും അതോടൊപ്പം നമ്മുടെ ദുഷ്പ്രവർത്തികളും, സ്വാർത്ഥമോഹങ്ങളും, മറ്റുള്ളവരോടുള്ള മത്സരബുദ്ധിയും, അസൂയയും, ഏഷണിയും കൊണ്ട് നമ്മുടെ രക്ഷകനായ യേശുവിനെ വീണ്ടും വീണ്ടും ചമ്മട്ടിക്കടിക്കുകയും ക്രൂശിക്കുകയുമാണ് ചെയ്യുന്നത്. 'ദുഷ്ടന്റെ അകൃത്യങ്ങൾ അവനെ പിടിക്കും; തന്റെ പാപപാശങ്ങളാൽ അവൻ പിടിപെടും' (സദൃ 5:22) 'പിശാച് മനുഷ്യനിൽ പാപമോഹങ്ങളെ ആദ്യം ഉളവാക്കുന്നു. മോഹം ഗർഭം ധരിച്ച് പാപപ്രവർത്തിയെ ജനിപ്പിക്കുന്നു' (യാക്കോബ് 1:15) ഒരുത്തൻ ഒരിക്കൽ ചെയ്ത പാപത്തെ വീണ്ടും അവനെക്കൊണ്ട് ചെയ്യിക്കാൻ പിശാച് തന്റെ പരീക്ഷകൾ ശക്തിപ്പെടുത്തുന്നു. അവനെകൊണ്ട് ആ പാപം തന്നെ വീണ്ടും വീണ്ടും ചെയ്യിക്കുന്നു. കാലക്രമേണ ആ പാപം അവനിൽ വേരൂന്നുന്നു. അത് അവനിൽ ഒരു പ്രകൃതിയായി തീരുന്നു. ഇങ്ങനെ പിശാച് അവനെ പാപപാശങ്ങളാൽ ബന്ധിച്ച്

അടിമയാക്കുകയും ചെയ്യുന്നു. 'ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടി വരും' (റോമ 14:12) 'നാം നമുക്ക് സ്വന്തമുള്ളവരല്ല. വിലയ്ക്ക് കൊള്ളപ്പെട്ടവരത്രെ. നമുക്കുള്ള എല്ലാം ദൈവവകയാകുന്നു' (1 കോരി 6:19, 20) 'നമ്മുടെ ധനം, സുഖം, ബുദ്ധി, പ്രാപ്തി, സമയം ഇവയെല്ലാം ദൈവം നമുക്ക് നൽകിയിരിക്കുന്ന താലന്തുകളാകുന്നു' (മത്തായി 25:15) ഇവയുടെ കണക്ക് നാം ബോധിപ്പിക്കേണ്ടി വരും. 'ആകയാൽ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിൻ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു' (2 കോരി 5:10). ആയതിനാൽ തന്നെത്താൻ ശോധന ചെയ്ത് അനുതപിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

പൂർവ്വ പിതാക്കന്മാർ നമുക്കു കൈമാറിത്തന്ന വിശ്വാസ തീഷ്ണതയും, ത്യാഗജീവിതവും നമ്മുടെ ജീവിതത്തിലേക്കും പകർത്തുവാൻ നാം ബാദ്ധ്യസ്ഥരാണ്. സ്വാർത്ഥ ലാഭങ്ങൾക്കു വേണ്ടി ദുരുപയോഗപ്പെടുത്തുവാനുള്ള ഒന്നല്ല ക്രിസ്തീയത. അത് ക്രിസ്തു യേശുവിന്റെ പാത പിന്തുടരുവാനും ദൈവസാക്ഷ്യമുള്ള ജീവിതം ചിട്ടപ്പെടുത്തുവാനും വേണ്ടിയുള്ളതാകുന്നു. ആത്മീയതയിൽ അധിഷ്ഠിതമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ ദൈവം തമ്പുരാൻ സഹായിക്കട്ടെ.

***********